**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** **18-01-2021 - ൽ മറുപടിയ്ക്ക്**

**കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | റാന്നി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലെ കൈവശഭൂമിക്കാണ് പട്ടയം നൽകാനുള്ളത് എന്ന് അറിയിക്കാമോ ; ഇതിൽ ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾ വീതമാണ് ഉള്ളത്; ഈ പ്രദേശങ്ങളിൽ ഓരോന്നിലും പട്ടയം നൽകാനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്ന് വിശദീകരിക്കാമോ; | (എ) | അനുബന്ധം I ആയി ചേർത്തിട്ടുണ്ട് |
| (ബി) | പട്ടയം നൽകുന്നതിന് ഇവിടങ്ങളിൽ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇവ പൂർത്തീകരിച്ച് കർഷകർക്ക് എന്നത്തേക്ക് കൈവശഭൂമിക്ക് പട്ടയം നൽകാനാകും എന്ന് പറയാമോ; | (ബി) | അനുബന്ധം II ആയി ചേർത്തിട്ടുണ്ട് |
| (സി) | ഏതെങ്കിലും പ്രദേശത്ത് പട്ടയനടപടികൾക്ക് എന്തെങ്കിലും തടസ്സം നേരിട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | അനുബന്ധം II ആയി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം I

(എ)

| ക്രമ നം | പട്ടയം നൽകാനുള്ള പ്രദേശങ്ങൾ | കുടുംബങ്ങളുടെ എണ്ണം | പട്ടയം നൽകുവാൻ ഉള്ള നടപടികൾ |
|---|---|---|---|
| 1 | മണ്ണടിശാല, പരുവ – കൊല്ലമുള വില്ലേജ് | തിട്ടപ്പെടുത്തിയിട്ടില്ല | കൈകൊണ്ടിട്ടില്ല. (വിശദാംശങ്ങൾ ബി, സി പരിവുകൾകുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്) |
| 2 | കുറുമ്പൻമൂഴി, മണക്കയം - കൊല്ലമുള വില്ലേജ് | തിട്ടപ്പെടുത്തിയിട്ടില്ല | കൈകൊണ്ടിട്ടില്ല. (വിശദാംശങ്ങൾ ബി, സി പരിവുകൾകുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്) |
| 3 | എക്സ് സർവ്വീസ്മെൻ കോളനി, വെച്ചൂച്ചിറ | തിട്ടപ്പെടുത്തിയിട്ടില്ല | കൈകൊണ്ടിട്ടില്ല. (വിശദാംശങ്ങൾ ബി, സി പരിവുകൾകുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്) |
| 4 | വലിയ പതാൽ - ചേത്തയ്ക്കൽ വില്ലേജ് | തിട്ടപ്പെടുത്തിയിട്ടില്ല | കൈകൊണ്ടിട്ടില്ല. ((വിശദാംശങ്ങൾ ബി, സി പരിവുകൾകുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്) |
| 5 | അരയാഞ്ഞിലിമൺ - കൊല്ലമുള വില്ലേജ് | 540 | കൈവശങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു |
| 6 | ചെള്ളനാവയൽ വനംകുടിയും അടിച്ചിപ്പുഴ ആദിവാസി സെറ്റിൽമെന്റ് കോളനി | 800 | കൈവശങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു |
| 7 | അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി | 214 | കൈകൊണ്ടിട്ടില്ല. (വിശദാംശങ്ങൾ ബി, സി പരിവുകൾകുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്) |
| 8 | കൊല്ലമുളയിലെ എയ്ഞ്ചൽവാലി പ്രദേശം | തിട്ടപ്പെടുത്തിയിട്ടില്ല | കൈവശങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു |
| 9 | പമ്പാവാലി പ്രദേശം | 104 | കൈവശങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു |
| 10 | പൊന്തൻ പുഴ – പെരുമ്പെട്ടി വില്ലേജ് | 512 | വൃക്ഷ വില ഈടാക്കുന്നതിനായി മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന പ്രവർത്തികൾ കൈകൊണ്ടു വരുന്നു |

SECTION OFFICER

അനുബന്ധം II

(ബി) & (സി)

1 **മണ്ണടിശാല, പരുവ — കൊല്ലമുള വില്ലേജ്**

കൊല്ലമുള വില്ലേജിലെ ടി പ്രദേശം ആദിവാസി സെറ്റിൽമെന്റ് ഏരിയയിൽ ഉൾപ്പെട്ട് വരുന്നതും വനാവകാശ വിതരണം ചെയ്തതുമാണ്. വില്ലേജ് റിക്കാർഡുകളിൽ വനമായി രേഖപ്പെടുത്തിയിരിക്കുന്നു. 01-01-1977 ന് മുമ്പുള്ള വനഭൂമി ക്രമവൽക്കരിക്കുന്നതിനായുള്ള പ്രപ്പോസലിൽ ഉൾപ്പെട്ടിട്ടില്ല. വനംവകുപ്പിൽ നിന്നും ആദിവാസി സെറ്റിൽമെന്റ് ഏരിയ ആയി റവന്യൂ വകുപ്പിന് കൈമാറി കിട്ടിയ ഉത്തരവുകൾ ലഭ്യമല്ലാത്തതാണ്

2 **കുറുമ്പൻമൂഴി, മണക്കയം - കൊല്ലമുള വില്ലേജ്**

01-01-1977 ന് മുമ്പുള്ള വനഭൂമി ക്രമവൽക്കരിക്കുന്നതിനായുള്ള പ്രപ്പോസലിൽ ഉൾപ്പെട്ട ഭൂമിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ് .

3. **എക്സ് സർവ്വീസ്മെൻ കോളനി, വെച്ചൂച്ചിറ (കൊല്ലമുള വില്ലേജ്)**

തിരുവിതാംകൂർ - കൊച്ചി സർക്കാരിന്റെ 17.03.1953-ലെ ഐ 5-13547/S2/DP നമ്പർ ഉത്തരവ് പ്രകാരം 1500 ഏക്കർ ഭൂമി കോളനൈസേഷൻ സ്കീമിനായി അനുവദിച്ചിരുന്നു. 4 ഏക്കർ വീതം 300 വിമുക്ത ഭടന്മാർക്കും 300 ഏക്കർ വനമായി നിലനിർത്തണമെന്നും ആയിരുന്നു ടി സർക്കാർ ഉത്തരവ്. നിലവിൽ ഐ.റ്റി.ഐ, സ്കൂൾ, മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ച് വരുന്നു. കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തുന്നതിന് മൂന്ന് സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടു വരുന്നു. സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എക്സ് സർവ്വീസ് മെൻ കോളനി സൊസൈറ്റിയുടെ അഭിപ്രായം ലഭ്യമാക്കാൻ തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുള്ളതാണ്

4. **വലിയ പതാൽ - ചേത്തയ്ക്കൽ വില്ലേജ്**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മലവേട സമുദായക്കാരായ 38 ആദിവാസികൾക്ക് 2 ഏക്കർ വെച്ച് 76 ഏക്കർ ഭൂമി അനുവദിച്ച പ്രദേശമാണ് ചേത്തയ്ക്കൽ വില്ലേജിലെ വലിയപതാൽ കോളനി. 1968 ൽ ടി വിഭാഗക്കാർക്ക് സർക്കാർ ഭൂമി അനുവദിക്കുകയും 1971 മുതൽ വനഭൂമി വെട്ടിതെളിച്ച് ടി സ്ഥലത്ത് താമസിച്ചുവന്നിരുന്നതായും പട്ടയം നൽകുന്നതിന്റെ ആദ്യഘട്ടത്തിൽ 12 കുടുംബങ്ങൾക്ക് പട്ടയം നൽകിയിരുന്നതാണെന്നും ശേഷിച്ചിരുന്ന 26 കുടുംബങ്ങൾ പട്ടയ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് തന്നെ ടി സ്ഥലങ്ങൾ മറ്റിതര സമുദായത്തിൽപ്പെട്ടവർക്ക് കൈമാറിയ ശേഷം ടി സ്ഥലം വിട്ടു പോയിട്ടുള്ളതാണ്. ടി പ്രദേശത്തെ നിലവിലുള്ള 57 ആദിവാസി കുടുംബങ്ങളിൽ പലരും തങ്ങളുടെ പൂർവ്വികർക്ക് ലഭിച്ചിട്ടുള്ളതും മുൻതലമുറ അന്യാധീനപ്പെടുത്തിയതുമായ ഭൂമി തിരിച്ചു വേണമെന്ന ആവശ്യവുമായി പട്ടയ നടപടികളുമായി സഹകരിക്കാതെയും സർവ്വേ നടത്തുന്നതിനും മറ്റും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതുമാണെന്ന് റാന്നി തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു.

5. **അരയാഞ്ഞിലിമൺ - കൊല്ലമുള വില്ലേജ്**

കൊല്ലമുള വില്ലേജിലെ അറയാഞ്ഞിലിമണ്ണ് ട്രൈബൽ സെറ്റിൽമെന്റ് പ്രദേശമാണ്. 540 ഓളം കൈവശമുള്ളതും വനാവകാശ നിയമപ്രകാരം ROR നൽകിയിട്ടുള്ളതുമാണ്. 01.01.1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിൽപ്പെട്ടതും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെടുന്ന പ്രദേശവുമാണ്. പത്തനംതിട്ട ജില്ലയിൽ 01.01.1977-ന് മുമ്പ് വനഭൂമി കയ്യേറി വച്ചുവരുന്ന ഭൂമിയ്ക്ക് പട്ടയം

അനുവദിക്കുന്നതിലേക്കായി വനംവകുപ്പമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ വന ഭൂമി കൈയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ രേഖകൾ ഓൺലൈനായി സമർപ്പിച്ചിട്ടുള്ളതും DFO/DCCF/CCF/PCCF എന്നിവരുടെ ശുപാർശയോട് കൂടി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതാണ്

**6. ചെള്ളനാവയൽ**

പഴവങ്ങാടി വില്ലേജിൽ ബ്ലോക്ക് 11 ൽ റീസർവേ 12 ൽ 10.5680 ഹെക്ടർ സ്ഥലം ചൊള്ളനാവയൽ ഹിൽസെറ്റിൽമെന്റ് എന്നും റീസർവ്വേ 14 ൽ 94.5800 ഹെക്ടർ സ്ഥലം അടിച്ചിപ്പുഴ വേട്ടുവ കോളനി എന്നുമാണ് ബി.റ്റി.ആർ ൽ രേഖപ്പെടുത്തിയിട്ടുള്ളത്. വനാവകാശം വിതരണം ചെയ്ത പ്രദേശമാണ്.

**7 തെക്കത്തൊട്ടി**

അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി പ്രദേശത്തിൽ പട്ടയം ലഭിക്കണമെന്ന് കാണിച്ച് ടി പ്രദേശ നിവാസികൾ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 27193/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുളളതാണ്. ആരബിൾ ഫോറസ്റ്റ് ലാന്റായി 868.77 Ha (2146.77 ഏക്കർ) റവന്യൂ വകുപ്പിന് കൈമാറിയതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 13/04/1970 ലെ GO(Ms) 169/70/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി പ്രോജക്ട് ഏരിയായിൽ നിന്നും ഒഴിപ്പിച്ച കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ചേത്തയ്ക്കൽ റിസർവ്വിൽ നിന്നും ഡിസ് റിസർവ് ചെയ്ത് 1400 ഏക്കർ റവന്യൂ വകുപ്പിന് കൈമാറുവാൻ ഉത്തരവായിരുന്നെങ്കിലും ഡീനോട്ടിഫൈഡ് ചെയ്തതായി രേഖയില്ലാത്തതിനാൽ പ്രസ്തുത ഭൂമിയുടെ നിയമപരമായ സ്ഥിതി റിസർവ് വനമായി കണക്കാക്കണമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുള്ളതാണ്

**8 കൊല്ലമുള — എയ്ഞ്ചൽവാലി**

കൊല്ലമുളയിലെ എയ്ഞ്ചൽവാലി പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് കോട്ടയം ജില്ലയുടെയും പത്തനംതിട്ട ജില്ലയുടെയും അതിർത്തി നിർണ്ണയിക്കുന്നത് ആവശ്യമായി വന്നിരുന്നു. പത്തനംതിട്ട ജില്ലാ സർവ്വെ സൂപ്രണ്ടാഫീസിൽ നിന്നും സർവ്വെ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അതിർത്തി നിർണ്ണയിച്ചിരുന്നു. തുടർന്ന് പട്ടയ നടപടികൾക്കായി റാന്നി താലൂക്ക് ഓഫീസിൽ നിന്നും സർവ്വേ ടീമിനെ നിയോഗിച്ചിരുന്നതാണ്, ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ 04/03/20 ലെ SS1/701/2020 നമ്പർ കത്ത് പ്രകാരം നിലവിലുള്ള റിക്കാർഡിന്റെ അടിസ്ഥാനത്തിൽ പമ്പാനദിയുടെ പുറമ്പോക്ക് അതിർത്തി റീഫിക്സ് ചെയ്ത് ആ ബൌണ്ടറി മുതൽ പട്ടയം നൽകാവുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. പമ്പാനദിയുടെ മുൻ സർവ്വേ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ പമ്പാനദിയുടെ അതിർത്തി റീഫിക്സ് ചെയ്യാൻ സാധിച്ചിട്ടില്ല.

**9. പമ്പാവാലി**

പമ്പാവാലി പ്രദേശത്തെ ഏഡ് പ്രൊഡക്ഷൻ ഏരിയയിൽപ്പെട്ട 2818 കൈവശക്കാർക്ക് 27-01-11 ലെ സ.ഉ(കൈ) നമ്പർ 50/2011/റവന്യൂ പ്രകാരം ഉത്തരവായിരുന്നതും കൈവശക്കാർക്ക് പട്ടയം നൽകിയതുമാണ്. ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടാത്തവരും അപേക്ഷയിലെ അപാകതകൾ സംബന്ധിച്ച കാരണങ്ങളാൽ അന്ന് പട്ടയം നൽകാൻ സാധിക്കാത്തവരായ 100 കൈവശക്കാർക്ക് പട്ടയം നൽകാനുള്ളതാണ്. പട്ടയ നടപടികൾ പൂർത്തിയായ 38 കൈവശങ്ങൾക്ക് 2020 ൽ നടന്ന പട്ടയമേളയിൽ വെച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**10. പൊന്തൻ പുഴ – പെരംമ്പെട്ടിയിലെ കൈവശം**

വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 01/01/1977 ന് മുമ്പ് വന ഭൂമി കൈയ്യേറി കൈവശം വച്ചു വരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതിയ്ക്കായി പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. പെരുമ്പട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ 31/5/1958 ലെ നോട്ടിഫിക്കേഷൻ നം F(A)2-1089/57/AD ന്റെ പരിധിക്കു പുറത്താണോ പരിധിയ്ക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പറിൽ പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്കു പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്ററ് ഓഫീസർ ഇടക്കാല മറുപടി നൽകിയിട്ടുണ്ട്.വനംവകുപ്പിന്റെ വർക്കിംഗ് പ്ലാൻ പ്രകാരം വലിയകാവ് റിസേർവിന്റെ വിസ്തൃതി 716.70 ഹെക്ടർ (1771 ഏക്കർ ) മാത്രമാണ്. സെക്ഷൻ 4 നോട്ടിഫിക്കേഷൻ F (A )2- 089/57/AD dated 31/05/1958 gazette dated 10/06/1958 പ്രകാരവും വലിയകാവ് റിസേർവിന്റെ വിസ്തൃതി 1771 ഏക്കർ ആണ് . എന്നാൽ വനവകുപ്പു നിലവിൽ കൈവശം വെച്ചിരിക്കുന്നത് 2141.07 ഏക്കർ ആണ്. ആയതിനാൽ ഇപ്രകാരമുള്ള അധിക വിസ്തീർണം പെരുമ്പട്ടിയിലെ കൈവശ കർഷകരുടെ ഭൂമിയാണെന്ന് അനുമാനിക്കാവുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5 ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9 ൽ സർക്കാർ എന്നും റിമാർക്സ് കോളം 10 ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങൾ കൂടി സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടുപോയതിനാലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായതിനാലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

SECTION OFFICER.